# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.205 | 25/04/2017 ൽ മറുപടി നൽകേണ്ടിയിരുന്നത് |
|---|---|

## മന്ത്രിമാർക്കെതിരെയുള്ള വിജിലൻസിന്റെ ത്വരിതാന്വേഷണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.അനിൽ അക്കര** | | **ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** |
| (എ) | ഈ മന്ത്രിസഭയിലെ എത്ര മന്ത്രിമാർക്കെതിരെ ഇതുവരെ വിജിലൻസിന്റെ ത്വരിതാന്വേഷണം നടന്നു. കോടതി നിർദ്ദേശപ്രകാരം എത്ര മന്ത്രിമാർക്കെതിരെ അന്വേഷണം ആരംഭിക്കുകയുണ്ടായി. പരാതികൾ സംബന്ധിച്ച വിശദാംശം നൽകുമോ: | (എ) യും (ബി) യും | മുൻ മന്ത്രി ശ്രീ.ഇ.പി.ജയരാജനെതിരെ ക്യു.വി. 20/16/എസ്.ഐ.യു.-2 നമ്പരായി സത്വരാന്വേഷണം നടത്തുകയും അതിന് ശേഷം വി.സി.01/2017/എസ്.ഐ.യു-2 നമ്പരായി വിജി കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തു. പ്രസ്തുത കേസ് ഇപ്പോൾ കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്.<br>തിരുവനന്തപുരം വിജിലൻസ് കോടതിയുടെ സി.എം.പി.1246/16 നമ്പർ ഉത്തരവ് പ്രകാരം മന്ത്രി ശ്രീമതി.മേഴ്സിക്കുട്ടിയമ്മയ്ക്കെതിരെ ഒരു ത്വരിതാന്വേഷണം (ക്യു.വി.74/16/എസ്.ഐ.യു-1) നടത്തുകയുണ്ടായി. ശ്രീ.റഹീം തിരുവനന്തപുരം വിജിലൻസ് കോടതിയിൽ സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിലാണ് അന്വേഷണം നടത്തിയത്. അന്വേഷണം പൂർത്തിയായി റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചു. ആരോപണം തെളിഞ്ഞിട്ടില്ല.<br>ശ്രീമതി.മേഴ്സിക്കുട്ടിയമ്മയ്ക്കെതിരെ KSCDC, CAPEX, Matsyafed എന്നിവിടങ്ങളിൽ മാനേജിംഗ് ഡയറക്ടർമാരെ നിയമിച്ചതിൽ അഴിമതിയുണ്ടെന്ന ശ്രീ.ഷാജഹാന്റെ പരാതിയിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് -2 ൽ ഒരു ത്വരിതാന്വേഷണം നടന്നു വരുന്നു. |
| (ബി) | ഏതൊക്കെ കേസുകളിൽ ത്വരിതാന്വേഷണം പൂർത്തിയായി; അന്വേഷണത്തിൽ ഏതെങ്കിലും മന്ത്രിമാർ കുറ്റക്കാരാണെന്ന് കണ്ടെത്തിയിട്ടുണ്ടോ: | | |
| (സി) | ഈ മന്ത്രിസഭയിലെ ഏതെങ്കിലും മന്ത്രി കൊലക്കേസ്സിൽ പ്രതിയാണോ: വിശദാംശം നൽകുമോ: | (സി) യും (ഡി) യും | വൈദ്യുതി വകുപ്പ് മന്ത്രി പ്രതിയായിട്ടുള്ള ഒരു കേസ് നിലവിലുണ്ട്. കേസ് അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ സമർപ്പിച്ചു കഴിഞ്ഞു. |
| (ഡി) | കൊലക്കേസ്സിൽ പ്രതിയായ വ്യക്തി മന്ത്രിയായി തുടരുന്നത് നിഷ്പക്ഷ അന്വേഷണത്തെ ബാധിക്കുമെന്ന് കരുതുന്നുണ്ടോ;വിശദാംശം നൽകുമോ? | | |

**സെക്ഷൻ ഓഫീസർ**